## കർഷകരെ ചേർത്ത് പിടിച്ചാൽ 100 മേനി വിളയും ലാഭവും ഉറപ്പ്

# മീനങ്ങാടിയിൽ നിന്നൊരു വിജയകഥ

**മീനങ്ങാടി** ▸ വകുപ്പുകൾ കൂടുതലുണ്ടായിട്ട് കാര്യമില്ല. കർഷകരെ ചേർത്ത് പിടിച്ചാൽ 100 മേനി വിളയും ലാഭവും ഉറപ്പെന്ന് തെളിയിക്കുകയാണ് മണിവയലിലെ കർഷകർ. കർഷകന്റെ കരങ്ങൾക്കും മനസിനും കരുത്തുപകരാൻ മീനങ്ങാടി ഗ്രാമപഞ്ചായത്ത് തണലിന്റെ സഹകരണത്തോടപരീക്ഷണമായാണ് പുനരുജ്ജീവനം പദ്ധതി മണി വയലിലെ എട്ടേക്കിൽ നടപ്പിലാക്കിയത്.

രണ്ട് ലക്ഷത്തോളം രൂപ ചിലവിൽ സൗരോർജ്ജ പാനലിന്റെയും, പമ്പ് സെറ്റിന്റെയും സഹായത്തോടെ പുഴയിൽ നിന്നും വെള്ളമെത്തിച്ച് കൃഷിയിറക്കിയ മണി വയലിലെ കർഷകരുടെ മുഖത്ത് ഇന്ന് നിറപുഞ്ചിരിയാണ്. കൃഷിയിടത്തിലെ സൂര്യകാന്തിയും, ചെണ്ടുമല്ലിയും കാഴ്ചയിലെ ഭംഗിയെങ്കിൽ വള്ളിപ്പയറും, വെണ്ടയും, വഴുതനയും,



വിളവെടുപ്പ് ഗ്രാമപഞ്ചായത് പ്രസിഡന്റ് കെ.ഇ വിനയൻ നിർവഹിക്കുന്നു

വെള്ളരിയും, ചീരയും, കാബേജും തുടങ്ങി ജൈവ രീതിയിലെ കൃഷിയിൽ 100മേനിയാണ് വിളവ്. കാർഷിക മേഖലയിൽ നിരവധി വകുപ്പുകളുണ്ടെങ്കിലും കർഷകനെ പ്രതിസന്ധിയിൽ ചേർത്ത് പിടിക്കുന്ന വകുപ്പുകളാണ് വേണ്ടതെന്നാണ് മണിവയലിലെ കർഷകർക്ക് പറയാനുള്ളത്. വെള്ളമില്ലാത്ത കൃഷിയിടത്തിൽ വെള്ളമെത്തിച്ച് തണലും ഗ്രാമ പഞ്ചായത്തും, സംവിധാനങ്ങളും സമയാസമയങ്ങളിൽ കൂടെ നിന്നപ്പോൾ രണ്ടാമത്തെ വിളവെടുപ്പും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ഇ വിനയൻ നിർവഹിച്ചു. പ്രതികൂല കാലാവസ്ഥയിലും എട്ട് ഏക്കറിൽ വിളയിച്ചെടുത്ത കാർഷികോൽപന്നങ്ങൾക്ക് ആവശ്യക്കാരും ഏറെയാണ്.

ഫെബ്രുവരിയിലെ ആദ്യ വിളവെടുപ്പിൽ 142 കിലോ പച്ചകറികളാണ് കൃഷിയിടത്തിൽ നിന്നും വിൽപ്പന നടത്തിയത്. വെള്ളരിയും, പയറും, ചീരയും, കുമ്പളങ്ങയും, വഴുതനയും, വെണ്ടയും തുടങ്ങി 182 കിലോയോളം പച്ചക്കറിയാണ് ഇത്തവണ വിൽപ്പന നടത്തിയത്. അതിലുപരി ആരോഗ്യമുള്ള ശരീരത്തിന് നല്ല പച്ചക്കറികൾ നൽകാൻ കഴിയുന്ന സന്തോഷത്തിലാണ് മണിവയലെന്ന ഈ കൊച്ചുഗ്രാമത്തിലെ കർഷകർ.